**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഉദ്ഘാടന ചടങ്ങുകൾക്ക് ചെലവഴിക്കാവുന്ന തുക സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).161/14/തസ്വഭവ                    തീയതി, തിരുവനന്തപുരം, 20.01.2014

==========================================================================

പരാമർശം:
1. ഗ്രാമവികസന കമ്മീഷണറുടെ 23.08.2013 ലെ 15755/ഡി.പി.4/13/സി.ആർ.ഡി. നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.11.2013 ലെ ഡിബി1-11261/13/സി.ഇ./തസ്വഭവ നമ്പർ കത്ത്.
3. 01.04.2014 ലെ 3.12-ാം നമ്പർ കോർഡിനേഷൻ കമ്മിറ്റി തീരുമാനം.

**ഉത്തരവ്**

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഉദ്ഘാടന ചടങ്ങുകൾക്ക് ഒരു തവണ പരമാവധി 7500/- രൂപ ചെലവഴിക്കാവുന്നതിന് അനുമതി നൽകാവുന്നതാണെന്നും ഒന്നിലധികം പദ്ധതികൾ കൂട്ടിച്ചേർത്ത് ഒരുമിച്ച് ഉദ്ഘാടനം നിർവ്വഹിക്കുന്നതിന് അനുവദിക്കാവുന്നതാണെന്നും പരാമർശം(1)പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്യുകയും 01.04.2013 തീയതിയിലെ കോർഡിനേഷൻ കമ്മിറ്റി ഇനം നമ്പർ 3.12 ആയി ഇത് അംഗീകരിച്ച് തീരുമാനമെടുക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഉദ്ഘാടന

ചടങ്ങുകൾക്ക് ഒരു തവണ പരമാവധി 7500/- രൂപ ചെലവഴിക്കുന്നതിന്, ഒന്നിലധികം പദ്ധതികൾ കൂട്ടിച്ചേർത്ത് ഒരുമിച്ച് ഉദ്ഘാടനം നിർവ്വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, വെള്ളനാട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ